# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 368** **28.10.2019 - ൽ മറുപടിക്ക്.**

## കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി.എസ്. ജയലാൽ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് ഏറ്റവുമധികം റേഷൻ കടകളും റേഷൻ കാർഡുകളും ഏത് താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലാണെന്ന് വ്യക്തമാക്കാമോ;<br>**(ബി)** കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിലവിൽ എത്ര റേഷൻ കടകളുണ്ടെന്നും എത്ര റേഷൻ കാർഡുകളുണ്ടെന്നും വിശദമാക്കാമോ; | **(എ) യും (ബി) യും** | സംസ്ഥാനത്ത് ഏറ്റവുമധികം റേഷൻ കടകളും റേഷൻ കാർഡുകളും ഉള്ള കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ 422 റേഷൻ കടകളും 2,65,856 (22.10.2019 വരെ) റേഷൻ കാർഡുകളുമാണ് ഉള്ളത്. |
| **(സി)** കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുവിതരണ വകുപ്പ് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;<br>**(ഡി)** പ്രസ്തുത താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ ആഫീസും ആരംഭിക്കുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | **(സി) യും (ഡി) യും** | കൊല്ലത്ത് ഒരു സിറ്റി റേഷനിംഗ് ഓഫീസും ചാത്തന്നൂർ ആസ്ഥാനമാക്കി ഒരു താലൂക്ക് സപ്ലൈ ഓഫീസും ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

***സെക്ഷൻ ഓഫീസർ***